നദീതീര ജൈവ ഭൗതിക വ്യവസ്ഥയുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണമാണ് റിവർ മാപ്പിംഗിലൂടെ ഉദ്ദേശിക്കുന്നത്. നദീതീരത്തെ ഭൗതിക പ്രത്യേകതകൾ, ഭൂപ്രകൃതി പ്രത്യേകതകൾ, ഭൂനിയോഗ വിവരങ്ങൾ, മനുഷ്യനിർമ്മിതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ കഡസ്ട്രൽ തലത്തിൽ ശേഖരിച്ച് ഡിജിറ്റൽ ഭൂപടങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനം ഇതിലുൾപ്പെടുന്നു.

(ഇ) പ്രസ്തുത പുഴയിലെ മണലിന്റെ ലഭ്യതയെക്കുറിച്ച് എന്താണ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ചന്ദ്രഗിരി, പാർട്ട്-1-ന്റെ സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ടിൽ നിയമാനുസൃതം ഖനനം നടത്താവുന്ന മണൽ ലഭ്യത ഇല്ലായെന്നുള്ളതാണ് പ്രധാന കണ്ടെത്തൽ. ചന്ദ്രഗിരി, പാർട്ട്-2-ന്റെ റിപ്പോർട്ട് പ്രകാരം നിയന്ത്രിത അളവിൽ ഖനനം നടത്താവുന്ന മണൽ ലഭ്യത കണ്ടെത്തിയിട്ടുണ്ട്.

(എഫ്) സാന്റ് ഓഡിറ്റിംഗ് നടക്കാത്ത എത്ര കടവുകൾ കാസർഗോഡ് ജില്ലയിൽ ഉണ്ട്; ഇവിടങ്ങളിലെ സാന്റ് ഓഡിറ്റിംഗ് നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

കടവിന്റെ അടിസ്ഥാനത്തിലല്ല സാന്റ് ഓഡിറ്റിംഗ് നടക്കുന്നത്. കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി, ഷിറിയ & എൽകാന, ഉപ്പള, മൊഗ്രാൽ എന്നീ നദികളുടെ സാന്റ് ആഡിറ്റ് പൂർത്തിയായിട്ടുണ്ട്.

**മലയോര മേഖലയിലെ കർഷകരുടെ റവന്യൂ രേഖ തിരുത്തുന്നതിന് നടപടി**

349(4359) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോരമേഖലയിലെ ചില പ്രദേശങ്ങളിലെ നാമമാത്ര കർഷകരുടെ ഭൂമി, തോട്ടം പുരയിടം എന്ന് രേഖകളിൽ ഉൾപ്പെട്ടിരിക്കുന്നതുമൂലം ഭവനനിർമ്മാണത്തിനും ക്രയവിക്രയത്തിനും വസ്തുവിന്മേൽ വായ്പയെടുക്കുന്നതിനും തടസ്സമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭൂപരിഷ്കരണ നിയമത്തിലെ 81(1) വകുപ്പ് പ്രകാരം ഒഴിവ് അനുവദിച്ച ഭൂമികളിൽ കെട്ടിട പെർമിറ്റ്, വൈദ്യുത കണക്ഷൻ, വാട്ടർ കണക്ഷൻ തുടങ്ങിയവ ലഭിക്കുന്നതിന് തടസ്സമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമം ശരിയായി വ്യാഖ്യാനിച്ചുകൊണ്ടും അതുപ്രകാരം റവന്യൂ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കിക്കൊണ്ടും കരട് സർക്കുലർ തയ്യാറാക്കി നിയമപരമായ സാംഗത്യം പരിശോധിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്.

**പട്ടയം ലഭിച്ച ഭൂമിയിന്മേലുള്ള തർക്കം**

350(4360) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 142/1-ൽ എൽ.എ./57/88 നമ്പർ പട്ടയ പ്രകാരം ശ്രീമതി യു. കെ. ആയിഷാബിക്ക് ലഭിച്ച ഭൂമിയിന്മേലുള്ള തർക്കം സംബന്ധിച്ച് സർവ്വേ വിജിലൻസ് പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 142/1-ൽ എൽ.എ./57/88 നമ്പർ പട്ടയ പ്രകാരം ശ്രീമതി യു. ബി. ആയിഷയ്ക്ക് ലഭിച്ച ഭൂമിയിന്മേലുള്ള തർക്കം സംബന്ധിച്ച് സർവ്വേ വിജിലൻസ് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 142/1-ൽ എൽ.എ./57/88 നമ്പർ പട്ടയ പ്രകാരം ശ്രീമതി യു. ബി. ആയിഷയ്ക്ക് ലഭിച്ച ഒരേക്കർ സ്ഥലത്തിൽ 12-4-2016-ന് താലൂക്ക് സർവ്വേയറിന്റെ നേതൃത്വത്തിൽ ഭൂമി സർവ്വേ ചെയ്ത് അളവിൽ മാറ്റം വരുത്തി 90 3/4 സെന്റ് ആക്കി തഹസിൽദാർക്ക് 4-5-2016-ന് L3-1052/16 നമ്പർ കത്ത് ആയി കൊടുത്തതായും പട്ടയഭൂമിയിൽ കുറവ് വരുത്തി സർക്കാർ ഭൂമിയായി KLC നടപടി സ്വീകരിക്കുവാൻ ഇടയായത് സർവ്വെയറുടെ നടപടി മൂലമാണന്നതിനാലാണ് ടിയാന് എതിരെ നിയമ നടപടി സ്വീകരിക്കണമെന്ന് ശ്രീമതി യു. ബി. ആയിഷ പരാതി സമർപ്പിച്ചിരുന്നത്. പ്രസ്തുത പരാതിയിന്മേൽ കോഴിക്കോട് സർവ്വേ റീജിയണൽ ജോയിന്റ് ഡയറക്ടർ മുഖാന്തരം നടത്തിയ സ്ഥലപരിശോധന അടക്കമുള്ള റിപ്പോർട്ടും ലഭ്യമായ റെക്കാർഡുകളും പരിശോധിച്ചാണ് സർവ്വേ വിജിലൻസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?